WRITTEN ANSWERS

പബ്ലിക്കു റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണം.

* 168 (613) ശ്രീ. പി. കുഞ്ഞൻ:
ശ്രീ. എം. കെ. എ. റഹീദ്
,, എം. സദാശിവൻ
,, കെ. പി. രാഘവപ്പൊതുവാൾ
,, എ. എസ്. എൻ. നമ്പീശൻ
,, കെ. ചാത്തുണ്ണിമാസ്റ്റർ
,, ഈ. പി. കൃഷ്ണൻനമ്പ്യാർ
,, പി. കെ. കുഞ്ഞച്ചൻ
,, ഇ. എം. ജോർജ്
,, വി. എസ്. അച്ചുതാനന്ദൻ
,, കെ. ഐ. രാജൻ
,, എസ്. ദാമോദരൻ
,, സി. കെ. ബാലകൃഷ്ണൻ
,, വി. ശ്രീധരൻ
,, സി. ഗോവിന്ദപ്പണിക്കർ
,, ഈ. വി. കുമാരൻ
,, പി. പി. കൃഷ്ണൻ
,, എം. കെ. കേളു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പു 'സോഷ്യലിസത്തിലേക്കുള്ള വഴി' എന്ന പേരിൽ ഒരു പ്രസിദ്ധീകരണം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രസിദ്ധീകരണത്തിനു ചെലവായിട്ടുള്ള തുകയെന്ത്?

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ):

(എ) ''സോഷ്യലിസത്തിലേക്കുള്ള വഴി'' എന്നൊരു പ്രസിദ്ധീകരണം പബ്ലിക്റിലേഷൻസ്വകുപ്പ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിന്റെ പുന:സംഘടന.

* 169. [614] ശ്രീ. സി. എം. കുട്ടി: താഴെ ക്കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യമന്ത്രിസദയം മറുപടിനൽകുമോ:

(എ) പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് പുന:സംഘടിപ്പിക്കുവാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ച വസ്തുതകൾ എന്തൊക്കെയാണ്;

(ബി) അതുകൊണ്ട് സാമ്പത്തികമായി ലാഭമോ നഷ്ടമോ എന്നു വ്യക്തമാക്കാമോ?

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ):

(എ) പബ്ലിക്റിലേഷൻസ് വകുപ്പ് ശാസ്ത്രീയമായ രീതിയിൽപുന: സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യം വളരെ മുമ്പുമുതൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. 1968–69 മുതൽ എല്ലാ വർഷങ്ങളിലെയും ബഡ്ജറ്റിൽ ഈ ആവശ്യത്തിനു പ്രത്യേക വിഹിതം നീക്കിവച്ചിരുന്നെങ്കിലും പുന:

LIBRARY ARCHIVES Kerala Legislative Assembly

സംഘടന നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല. ഗവൺമെൻറിന്റെ നയപരിപാടികളേയും പദ്ധതികളെയുംപറ്റി സാമാന്യജനങ്ങളെ ബോധവാൻമാരാക്കുകയും അവരുടെ പ്രതികരണങ്ങളും ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക—എന്ന സുപ്രധാനമായ കർത്തവ്യം വേണ്ടവണ്ണം നിർവ്വഹിക്കത്തക്കവിധം പബ്ലിക്റിലേഷൻസ് വകുപ്പു ശാസ്ത്രീയാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കപ്പെട്ടിരുന്നില്ലെന്ന് ഗവൺമെൻറിന് ബോദ്ധ്യമായതിനാൽ ഉടനടി ഡിപ്പാർട്ടുമെൻറിന്റെ പുനഃസംഘടനയ്ക്കു വേണ്ട സത്വരനടപടികളും എടുക്കേണ്ടതായിവന്നു.

(ബി) ഈ പുനഃസംഘടനമൂലം ആണ്ടിൽ ഏതാണ്ട് ഇരുപത്താറായിരത്തോളം രൂപ അധികച്ചെലവു വരുമെന്ന് കരുതുന്നു.

ലൈബ്രറിബിൽ

* 170. [620] ശ്രീ. കെ. സി. വാമദേവൻ: താഴെക്കാണുന്ന ചോദ്യത്തിനു വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടിനൽകുമോ:

സംസ്ഥാനത്തെ ഗ്രന്ഥശാലാപ്രസ്ഥാനത്തിന് പുരോഗതി കൈവരുത്തുന്ന 'ലൈബ്രറിബിൽ' അവതരിപ്പിക്കാനുള്ള കാലതാമസത്തിനു കാരണമെന്ത്?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സംസ്ഥാനത്തെ ഗ്രന്ഥശാലാപ്രസ്ഥാനത്തിനുവേണ്ടി തയാറാക്കിയിട്ടുള്ള കരടു ലൈബ്രറിബിൽ ഗവൺമെൻറിന്റെ സജീവപരിഗണനയിലിരിക്കുകയാണ്. സംസ്ഥാനത്തെ വിവിധതലങ്ങളിലുള്ള ലൈബ്രറി പ്രവർത്തകൻമാരുമായി ചർച്ച ചെയ്തതിനു ശേഷം കരടു ബില്ലിന് അവസാനരൂപം നൽകി നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്. ഇതിന് വേണ്ട സത്വരനടപടികളും സ്വീകരിച്ചിട്ടുണ്ട്.

മലയാളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

* 171. [625] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എങ്ങിനെ?

വിദ്യാഭ്യാസവും ആഭ്യന്തരവുംമന്ത്രി, (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ, ബി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഊർജ്ജിതത്തിലാണ് നടക്കുന്നത്.

ഹെഡ്കോൺസ്റ്റബിൾ ടെസ്റ്റ്.

* 172. [626] ശ്രീ. എം. കെ. ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് സേനയിൽ ഹെഡ്കോൺസ്റ്റബിൾ ടെസ്റ്റ് പാസ്സാകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാർക്കിൽ ലോക്കലും, റിസർവ്വും തമ്മിൽ എന്തെങ്കിലും ശതമാനവ്യത്യാസം നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly